**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1726** **20-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ സ്കൂൾതല കൃഷിയിടങ്ങൾ ഉണ്ടെന്നും കൃഷി ഭവനുമായി ചേർന്ന് ഇവ ഓരോന്നിലും കഴിഞ്ഞവർഷം നടത്തിയ കൃഷിയുടെ വിശദാംശങ്ങളും നൽകാമോ; | (എ) | 2023 – 24 സാമ്പത്തിക വർഷം സ്കൂൾ തല പച്ചക്കറിത്തോട്ടം താഴെപ്പറയുന്ന സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. അതിൽ വെണ്ട, പയർ, വഴുതന, മഞ്ഞൾ, മുളക് എന്നീ പച്ചക്കറി ഇനങ്ങളാണ് സ്കൂളുകളിലെ പച്ചക്കറിത്തോട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പി.ടി.എ. ഫണ്ട് ഉപയോഗിച്ചാണ് പച്ചക്കറിത്തോട്ടം സ്കൂളുകാർ നടത്തിവന്നത്.<br><br>**സ്കൂളുകളുടെ പേര്**<br><br>എൽ.പി. ആൻഡ് യു.പി.എം മതിലകം പഞ്ചായത്ത്<br><br>സെന്റ് ആന്റണീസ് ജി.എച്ച്.എസ്.എസ്. എടത്തിരുത്തി<br><br>എ.എ.ഐ. എൽ.പി.എസ്. ചൂലൂർ, എടത്തിരുത്തി<br><br>ഈസ്റ്റ് യു.പി. സ്കൂൾ പെരിഞ്ഞനം<br><br>എസ്.എൻ. സ്മാരക സ്കൂൾ പെരിഞ്ഞനം<br><br>പനങ്ങാട് ഹയർ സെക്കൻഡറി സ്കൂൾ എസ്.എൻ. പുരം |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വിദ്യാലയങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന തളിർ പദ്ധതിയുമായി സംയോജിപ്പിച്ച് 2024-25 അക്കാദമിക വർഷത്തിൽ കൃഷിഭവനും അനുബന്ധ കൃഷി സ്ഥാപനങ്ങളും എന്തെല്ലാം പ്രവർത്തനങ്ങളാണ് അസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | 2024-25 തളിർ പദ്ധതിയുടെ ഭാഗമായി കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കൂടി സ്കൂൾതല പച്ചക്കറി കൃഷിത്തോട്ടം നിർമിക്കുന്നതിന് 81 സ്കൂളുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ ആദ്യം ചെണ്ടുമല്ലി കൃഷിയും കരനെല്ലുകൃഷിയുമാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള ഫണ്ട് ത്രിതല പഞ്ചായത്തു ഫണ്ടും സ്കൂളിലെ പി.ടി.എ. ഫണ്ടും ഉപയോഗിച്ചാണ് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതിനു ശേഷം പച്ചക്കറി തൈകൾ കൃഷി ചെയ്യുന്നു. വെജിറ്റബിൾ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായിട്ട് |

| | | | |
|---|---|---|---|
| | | | സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇത് കൂടാതെ ചേന, കാച്ചിൽ, ചേമ്പ്, മഞ്ഞൾ, ഇഞ്ചി അടങ്ങിയ ഒരു കിറ്റും ഓരോ സ്കൂളിനും കൊടുക്കുവാനായി തീരുമാനം ആക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ